# ഉള്ളടക്കം


1. ആമുഖം
2. അവസ്ഥാപഠനത്തിലെ പ്രധാന കണ്ടെത്തലുകൾ.
3. പ്രശ്നങ്ങളും അവയുടെ കാരണങ്ങളും.
4. ലക്ഷ്യങ്ങൾ
5. ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള പദ്ധതി
6. പ്രവർത്തന കലണ്ടർ
7. ഉപസംഹാരം

## ഗവ. എൽ. പി. എസ്സ്, കാവുംഭാഗം.

### സ്കൂൾ ചരിത്രം:

ഈ വിദ്യാലയം കൊല്ലവർഷം 1070-ൽ (ചിങ്ങമാസം 18-ാം തിയതി) എ.ഡി. 1895-ൽ പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ പ്രീപ്രൈമറിയിൽ 77 ഉം LP യിൽ 215 ഉം കുട്ടികൾ പഠിക്കുന്നു. 1988 മുതൽ പി.ടി.എ യുടെ നേതൃത്വത്തിൽ പ്രീപ്രൈമറി പ്രവർത്തിക്കുന്നു. 1070 ചിങ്ങമാസം 18-ാം തിയതി അന്നത്തെ ദിവാനായിരുന്ന ശ്രീ. എം. കൃഷ്ണൻ നായർ ബി.എ. ബി.എൽ പേർക്ക് വട്ടപറമ്പിൽ നാരായണൻ കോരൻ വല്യത്താൻ തിരുവിതാംകൂർ ഗവൺമെന്റിന് കൈമാറ്റം ചെയ്ത 73 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 80 അടി നീളവും 20 അടി വീതിയും 10 അടി ഉയരവുമുള്ള കല്ലും മരവും കൊണ്ടു നിർമിച്ച ഓല മേഞ്ഞ ഒരു കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. ഈ വിദ്യാലയത്തിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ പ്രശസ്തർ ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്.

LP സെക്ഷനിൽ 9 ക്ലാസ്സ് റൂം ലഭ്യമാണെങ്കിലും പ്രീപ്രൈമറി കെട്ടിടം, ഡൈനിംഗ് ഹാൾ, ആധുനികവൽക്കരിച്ച അടുക്കള, റീഡിംഗ് റൂം, ലൈബ്രറി റൂം എന്നിവയില്ല.

2024-25 വർഷം നേടിയ മികവുകൾ.

* സബ്ജില്ല കലോത്സവം : IInd
* പ്രവൃത്തി പരിചയമേള : Ist
* ശാസ്ത്രമേള - IInd
* സോഷ്യൽ സയൻസ് മേള : IIIrd
* ഗണിതമേള - Ist

സബ്ജില്ല അക്ഷരമുറ്റം ക്വിസ് - Ist

ജില്ല അക്ഷരമുറ്റം ക്വിസ് - IInd.

LSS വിജയികൾ : 10 പേർ.

* പൂർവ്വവിദ്യാർത്ഥികളുടെ സഹായം ചെയ്താണ്.

പോരായ്മകൾ.

* ഫ്രീപീരിയഡിന്റെ അഭാവം
* പെയിന്റ്‌വാൾ, ബ്രഷ്‌റോളർ,
  ബക്കറ്റ്, തുടങ്ങിയവ വാങ്ങിച്ച ബില്ലുകൾ
* എല്ലാ ക്ലാസ്സുകളിലേക്കും ഒരുമിച്ച് ക്ലാസ്സ്മുറികൾ
* പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട്.
*

ലക്ഷ്യപ്രാപ്തി നേടിയ കാര്യങ്ങൾ:

* 2024-25 വർഷം Indigo painting കമ്പനി
  സ്കൂളിന്റെ മെയിൻ കെട്ടിടവും ക്ലാസ്സ്മുറികളും
  പെയിന്റ് ചെയ്തുതന്നു.
* മുൻസിപ്പാലിറ്റിയുടെ പെയിന്റും ഫണ്ടും ഉപയോഗിച്ച്
  ക്ലാസ്സ്മുറികൾ, ശുചിമുറികൾ മറ്റുക്ലാസ്സ്മുറികൾ പെയിന്റ്
  ചെയ്തു.
* ചോർന്നൊലിച്ചിരുന്ന മെയിൻകെട്ടിടത്തിന്റെ Roof,
  മറ്റു ക്ലാസ്സ്മുറികൾ എന്നിവ Truss work ചെയ്ത്
  ചോർച്ച മാറ്റി
* മറ്റുമുറികൾ ഫ്രീപീരിയഡുകളായി വന്നൊരുക്കുന്ന
  പ്രോജക്ട് പദ്ധതി പോകാതെ തിരുവനന്തപുര
  ചാലയാക്കി. 13 ഇടങ്ങൾ ഒരുക്കാൻ കഴിഞ്ഞു.

നിഗമനം:

സ്കൂളിന്റെ സമഗ്രപുരോഗതിക്കായി ദീർഘവീക്ഷണമുള്ള
ഗുണമേന്മയുള്ള ഒരു വികസന പ്ലാൻ ആണ് ആവശ്യം.

II അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

കുട്ടികളുടെ വികാസാത്മക പഠനത്തിന് അനുയോജ്യവും ആകർഷകവുമായ ഭൗതിക സാഹചര്യങ്ങളും സാമൂഹിക പിന്തുണയും ഈ വിദ്യാലയത്തിൽ ലഭിക്കുന്നുണ്ട്. PTA, SMC, അധ്യാപകർ, പൂർവ്വ-വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണവും കൂട്ടായ പ്രവർത്തനവും നിരന്തര ഇടപെടലും സ്കൂളിലെ അക്കാദമികവും ഭൗതികവുമായ എല്ലാ കാര്യങ്ങളിലും ഉണ്ടെന്ന് അവസ്ഥാപഠനത്തിലൂടെ കണ്ടെത്തി. പാഠ്യപദ്ധതി വിനിമയം പഠനാന്തരീക്ഷം തുടങ്ങിയവയുമായി ബന്ധപ്പെട്ട് സ്കൂളിൽ കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ മാനസിക ശാരീരിക വികാസം വർദ്ധിപ്പിക്കുകയും അവരെ ICT സാധ്യത ഉപയോഗിച്ചും കൂടുതൽ പഠന പ്രവർത്തനങ്ങളും നടത്തി പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നുണ്ട്. HM, PTA പ്രസിഡന്റ് ഇടങ്ങിയവർ എല്ലാ കാര്യങ്ങളും നിരീക്ഷിച്ച് വിലയിരുത്തുന്നു.

# അക്കാദമികം

## നേട്ടങ്ങൾ

=> അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപക സമൂഹം

=> മികച്ച ICT സാധ്യത ഉപയോഗിച്ചുള്ള ക്ലാസ്റൂം പ്രവർത്തനങ്ങൾ

=> ക്ലാസ്റൂം ലൈബ്രറി;

=> പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ

=> പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു

=> കലാപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

=> സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ എന്നിവ സംഘടിപ്പിക്കുന്നു.

## പരിമിതികൾ

=> മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

=> IED കുട്ടികളുടെ പഠനപിന്തുണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

=> പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾ 5% കൂടിയുണ്ട്.

# IV ലക്ഷ്യങ്ങൾ

## I ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികളും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
3. മികച്ച വായനാ ശീലം വളർത്തുക
4. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

## II ഇംഗ്ലീഷ്

1. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
2. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക
3. ഇംഗ്ലീഷ് ഭാഷയിൽ എഴുതുവാനും വായിക്കുവാനും മനസിലാക്കുവാനുമുള്ള ശേഷി നേടുക.

## III ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

## IV പരിസരപഠനം.

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക
2. ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
3. ലഘു പരീക്ഷണങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുക
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## V. സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക
2. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ
3. മൂല്യാധിഷ്ഠിത ജീവിത സംസ്കാരം വളർത്തിയെടുക്കുക.

## VI. ഐ. സി. ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
2. അറിവ് നിർമാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തൽ
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

VII പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപ്രദമായ മറ്റ് ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

VIII കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക

# മലയാളം [ പ്രവർത്തനങ്ങൾ ]

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| പ്രവർത്തനം 1 → കുട്ടികളിൽ വായനാശീലം വളർത്തൽ | പുസ്തകം ഒരു ചങ്ങാതി<br>പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് ശേഖരിക്കുന്നു വായിച്ച് വിവരണം തയ്യാറാക്കുന്നു | ജൂൺ - മാർച്ച്<br>ആഴ്ചയിൽ 1 ദിവസം |
| 2. ചോദ്യാവലി<br>ആശയങ്ങൾ കണ്ടെത്തുന്നു | ചോദ്യാവലി<br>അധ്യാപകർ തയ്യാറാക്കിയ ചോദ്യാവലി കുട്ടികൾക്ക് ആശയങ്ങൾ ലഭ്യമാക്കി ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തുന്നു | ജൂൺ - മാർച്ച് |
| 3. സർഗ്ഗവേള<br>കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരം ഒരുക്കുക. | സർഗ്ഗവേള<br>പ്രകടന വേദികൾ ലഭ്യമാക്കി കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | „ |
| 4. ക്ലാസ്സ് തല പതിപ്പുകൾ<br>വിഷയങ്ങളെ കുറിച്ചുള്ള അറിവ് ശേഖരിക്കുക. | ക്ലാസ്സ് തല പതിപ്പുകൾ<br>പാഠഭാഗവുമായി ബന്ധപ്പെട്ട | „ |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | |
|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരത്തിന് അവസരങ്ങൾ | 1. ഇംഗ്ലീഷ് അസംബ്ലി<br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി കുട്ടികൾ തന്നെ ചെയ്യുന്നു. | June - march |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | 2. ഇംഗ്ലീഷ് ഡയറി<br>ഓരോ ദിവസത്തിലെയും സ്കൂളിലെയും വീട്ടിലെയും കാര്യങ്ങൾ, അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുന്നു. | ,, |
| ഇംഗ്ലീഷിലൂടെ വായനയും ആവിഷ്കാരവും മെച്ചപ്പെടുത്തുന്നതിന് | 3. ഇംഗ്ലീഷ് ബുള്ളറ്റിൻ<br>ഓരോ മാസവും ദിനാചരണവുമായി ബന്ധപ്പെട്ട് ബുള്ളറ്റിൻ തയ്യാറാക്കുന്നു. | ,, |

| ഗണിതം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം |
| 1. അടിസ്ഥാന ഗണിതശേഷികൾ മുഴുവൻകുട്ടികൾക്കും ഉറപ്പിക്കുക. | ① ഗണിതം മധുരം<br>കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്ന ഗണിത ലാബ് സജ്ജീകരണം<br><br>② ഗണിത മൂല<br>മുഴുവൻ ക്ലാസിലും ഗണിത മൂല സജ്ജീകരിക്കൽ<br>[ മഞ്ചാടി, കളിനോട്ട്, കാർഡുകൾ | June to march |